പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3390

09.04.2013 ൽ മറുപടിക്ക്

## പട്ടയം ലഭ്യമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.രാജു : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ സാം നഗർ പ്രദേശത്ത് വർഷങ്ങളായി താമസിക്കുന്നതും തെൻമല ഡാം ക്യാച്ച്മെന്റ് ഏരിയായിൽ നിന്നും ഒഴിപ്പിക്കപ്പെട്ടവരുമായവർക്ക് കൈവശ രേഖ ലഭിച്ചിട്ടുണ്ട് എങ്കിലും പട്ടയം ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ക്ലീയറൻസ് ലഭ്യമാക്കിയവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്നു വ്യക്തമാക്കുമോ ; ഇത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) | കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശത്തു നിന്നും കുടിയൊഴിപ്പിച്ച് സാം നഗർ പ്രദേശത്ത് പുനരധിവസിപ്പിച്ചിരിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന്, 1980 -ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം, വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിച്ചിരുന്നു. നെറ്റ് പ്രസന്റ് വാല്യു / അഡീഷണൽ നെറ്റ് പ്രസന്റ് വാല്യു എന്നിവ അടക്കേണ്ടതായി വന്നാൽ ആയത് അടച്ചുകൊള്ളാം എന്ന് ഒരു അണ്ടർ ടേക്കിംഗ് യൂസർ ഏജൻസിയായ പത്തനാപുരം തഹസീൽദാർ പ്രൊപ്പോസലിനോടൊപ്പം സമർപ്പിക്കണമെന്ന് കാണിച്ച് |

പ്രൊപ്പോസൽ മടക്കിയിട്ടുളളതാണ്. എന്നാൽ അടക്കേണ്ടതായ തുക എത്രയെന്ന് വനം വകുപ്പിൽ നിന്നും അറിയിച്ചിട്ടില്ല.

പ്രസ്തുത വനഭൂമിക്ക് പകരം ഇ.എഫ്.എൽ ആക്കി മാറ്റിയ ഭൂമി വനം വകുപ്പിന് നൽകി നടപടി സ്വീകരിക്കുന്നതിനായി തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് പത്തനാപുരം തഹസീൽദാർ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കൂടാതെ ടിയാളുകൾ താമസിക്കുന്ന ഭൂമിക്ക് പകരം ഇടുക്കി ജില്ലയിലെ കമ്പക്കല്ലിൽ നീക്കി വച്ചിരിക്കുന്ന 8,000 ഏക്കറിൽ നിന്നും ഭൂമി വനം വകുപ്പിന് നൽകി പകരം സാം നഗർ പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിക്കാവുന്നതാണെന്ന് നേരത്തേ തീരുമാനിച്ചിരുന്നു.

ഇഎഫ്.എൽ. ആക്കിയതോ കമ്പക്കല്ലിൽ നീക്കി വച്ചിരിക്കുന്ന 8,000 ഏക്കറിൽ നിന്നോ സാം നഗറിലെ ഭൂമിക്ക് പകരം നൽകിക്കൊണ്ട് ടി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ